KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# പൂമൊട്ടുകൾ



## ടി കെ എം ആർ എം  വിഎച്ച് എസ് എസ്
## വല്ലന

# പൂമൊട്ടുകൾ

## ഡിജിറ്റൽ മാഗസിൻ

## ടി കെ എം ആർ എം വിഎച്ച് എസ് എസ് വല്ലന

# LK/2018/37005

# എഡിറ്റോറിയൽ

അറിവ് അദ്ധ്യാപകനിൽ നിന്ന് ലഭിക്കുക എന്നതിൽ ഉപരിയായി സ്വയം നിർമ്മിക്കേണ്ടതാണെന്ന തിരിച്ചറിവ് വിദ്യാഭ്യാസ രംഗത്തെ സാരമായി മാറ്റി മറിക്കുന്നു. സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം പൂർണ്ണതോതിൽ പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.റ്റി. കൂട്ടായ്മ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഈ ഉദ്ദേശ സാക്ഷാത്കാരത്തിന് ഏറെ യത്നിക്കുന്നു. ഈ പരിശീലന സംരംഭത്തിൽ വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കുട്ടികൾ കടന്നുപോകുവാൻ സഹായിക്കുന്നു. ഈ സാഹചര്യത്തിൽ വല്ലന റ്റി.കെ.എം.ആർ.എം.വി. എച്ച്. എസ്.എസ്. ലെ IX-ാം ക്ലാസ്സിലെ കുട്ടികൾ അവരുടെ പ്രവൃത്തി പരിശീലനം മുതലാക്കി ഒരു ഡിജിറ്റൽ മാഗസീൻ - "പൂമൊട്ടുകൾ" എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നു. പൈതൃക ഗ്രാമമായ ആറന്മുളയോട് ചേർന്നുള്ള ഈ ഗ്രാമ പ്രദേശത്തെ കുട്ടികൾ ഗ്രാമത്തിന്റെ സാംസ്കാരികവും പൈതൃകവുമായ ചിന്തകൾ ഇക്കഴിഞ്ഞ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ചിട്ടപ്പെടുത്തുവാൻ ഒരു എളിയശ്രമം നടത്തുന്നു. കൈത്താങ്ങു തന്ന എല്ലാവർക്കും കൃപ്പകൈ.

# എഡിറ്റോറിയൽ ബോർഡ്

ശ്രീമതി അജ്ഞം മുഹമ്മദ് [ഹെഡ്മിസ്ട്രസ്സ്]
ശ്രീമതി ഷീല പി. എസ് [സ്റ്റാഫ് സെക്രട്ടറി]
ശ്രീമതി ജെസി ചെറിയാൻ [എസ് ഐ റ്റി സി,കൈറ്റ് മിസ്ട്രസ്സ്]
ശ്രീമതി പ്രിയ പി. ജി [ജോയിന്റ് എസ് ഐ റ്റി സി ]
ശ്രീമതി വിജയഗീത [കൈറ്റ് മിസ്ട്രസ്സ്]

മാസ്റ്റർ നജ്ഞം [സ്കൂൾ ലീഡർ ]
കുമാരി രേഷ്മ [സ്കൂൾ ലീഡർ ]
കുമാരി ദേവിക സി. എസ് [ടൈപ്പിംഗ്]

# മുഖവുര

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഹൈസ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള കേരള ഇൻഫ്രാസ്ടക്ച്ചർ ആന്റ് ടെക്നോളജി ഫോർഎഡ്യുക്കേഷൻ (കൈറ്റ്) പദ്ധതി രാജ്യത്തെ ഏറ്റവും വലിയ ഐടി കൂട്ടായ്മയാണ്. "ലിറ്റിൽ കൈറ്റ്സ് " ക്ലബ്ബംഗങ്ങളായിട്ടുള്ള ഈ സ്കൂളിലെ 9-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന 20 അംഗങ്ങളുടെ കൂട്ടായ്മയ്ക്ക് മാസത്തിൽ നാലു മണിക്കൂർ വീതം കൈറ്റ് മിസ്ട്രസ്സുമാരായ ശ്രീമതി ജെസി ചെറിയാൻ, ശ്രീമതി വിജയ ഗീത എം. ബി എന്നിവർ ഐ ടി പരിശീലനം ഉറപ്പാക്കുന്നു. വിവിധ മത്സരങ്ങൾക്ക് സ്കൂൾ തലത്തിലും ജില്ലാതലത്തിലും കുട്ടികൾ തിരഞ്ഞെടുക്കപ്പെട്ടു. സ്കൂളിലെ ഹാർഡ് വെയർ പരിപാലനം, രക്ഷകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരത, ഏകജാലകം ഹെൽപ്ഡെസ്ക്, ഡിജിറ്റൽമാപ്പിംഗ്, സൈബർ സുരക്ഷാപരിശോധനയും, ബോധവൽക്കരണവും, സ്കൂൾ വിക്കി വിവരങ്ങൾ ചേർക്കൽ ഇവ ഈ കൂട്ടായ്മയുടെ നേതൃത്വത്തിൽ നടന്നു വരുന്നു എന്നത് ഈ സ്കൂളിന് അഭിമാനകരമാണ്. പത്തനംതിട്ട ജില്ലയിലെ ഉൾനാടൻ പ്രദേശമായ വല്ലന എന്ന കൊച്ചു ഗ്രാമത്തിലെ ഈ സ്കൂളിന് വേണ്ടുന്ന കൈത്താങ്ങുകളും കരുതലുകളും സൗകര്യങ്ങളും തരുന്ന പൊതു വിദ്യാഭ്യാസ വകുപ്പ് എന്തുകൊണ്ടും അഭിനന്ദനം അർഹിക്കുന്നു . പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ കുരുന്നുകൾ മാറുന്നതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു.

മാനേജർ

ശ്രീ അൻവർ മുഹമ്മദ്

# ആശംസകൾ

ലിറ്റിൽ കൈറ്റ് ക്ലബ്ബംഗങ്ങളായിട്ടുള്ള ഈ സ്കൂളിലെ കുട്ടികൾ മാസം നാല് മണിക്കൂർ ഐ ടി പരിശീലനം ഉറപ്പാക്കുന്നു. സമൂഹത്തിന് ആവശ്യമായ ഐ ടി സേവനങ്ങൾ വിജയകരമായി ഈ അംഗങ്ങൾ നടത്തിവരുന്നു. കൈറ്റ് മിസ്ട്രസ്സുമാരായ ശ്രീമതി ജെസി ചെറിയാൻ, ശ്രീമതി വിജയഗീത എം ബി എന്നിവർ സ്തുത്യർഹമായി ഈ യൂണിറ്റിന്റെ ചുമതല നിർവ്വഹിക്കുന്നു. ഐ ടി സേവനങ്ങൾ കുട്ടികൾ വഴി നൽകാൻ ഇതിലൂടെ കഴിയുന്ന എന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ഇതിനു വേണ്ടുന്ന കൈത്താങ്ങൽ നൽകുന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പിനും , ഐ ടി @ സ്കൂൾ തിരുവല്ലയ്ക്കും , കോ-ഓർഡിനേറ്റർമാർക്കും എല്ലാവിധ ആശംസകൾ നേരുകയും കുട്ടികളുടെ " ഡിജിറ്റൽ മാഗസീൻ" എന്ന ഈ കൊച്ചു സംരംഭത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു.

പ്രിൻസിപ്പാൾ
അജ്ജം മുഹമ്മദ്

## താളുകൾ മറിക്കുമ്പോൾ


| തലക്കെട്ട് | പേജ് |
|---|---|
| സ്കൂളിന്റെ ചരിത്രം | 4 |
| അമ്മ | 6 |
| ആത്മാവ് | 7 |
| ആറന്മുള | 9 |
| ഒരുമയുടെ ജനത | 10 |
| ക്ഷണിക്കപ്പെടാത്ത അതിഥി | 12 |
| വിവര വിനിമയ സാങ്കേതിക വിദ്യ | 14 |
| പ്രളയം ....പ്രണയം | 15 |
| ആറന്മുള കണ്ണാടി | 16 |
| നന്ദി | 18 |

# സ്കൂളിന്റെ ചരിത്രം

വിദ്യാലയ മുറ്റത്തെ മരത്തണലിൽ അധ്യാപകൻ കുട്ടികളെ പഠിപ്പിക്കുന്നതിനിടയിൽ ചോദിച്ചു.
എന്താണ് തണൽ?
കുട്ടികൾ അൽപനേരം നിശബ്ദരായി. പിന്നെ ഉത്തരങ്ങൾ വിരിഞ്ഞു-

കുളിരാണ് തണൽ.
ആശ്വാസമാണ് തണൽ.
കുടയാണ് തണൽ.
തണുപ്പാണ് തണൽ.

വേറിട്ട ഒരു ശബ്ദം കേട്ടു - "ഈ മരം ഏറ്റ പൊള്ളുന്ന വെയിലാണ് തണൽ". എല്ലാവരും സ്നേഹാദരങ്ങളോടെ മരത്തെ നോക്കി. തങ്ങൾ ഓരോരുത്തർക്കും വേണ്ടി മരം സഹിക്കുന്ന വെയിലാണല്ലോ തണൽ.

വല്ലനയുടെയും ഒരു നാടിന്റെയും തണൽമരമായ ഈ വിദ്യാലയത്തിന്റ ചരിത്രവഴികളിലൂടെ നമുക്ക്സഞ്ചരിക്കാം.

ഇവിടെയുള്ള ഫലഭൂയിഷ്ഠമായ നിലങ്ങൾ ആനകളുടെ വിഹാരകേന്ദ്രമായിരുന്നത്രേ!. 'വല്ല്യ ആനകളുടെ നാട് '
ആണ് 'വല്ലന' യായി മാറിയതെന്നാണ് പഴമക്കാർ പറയുന്നത്.

വിദ്യാഭ്യാസത്തിൽ തീർത്തും പിന്നോക്കം നിന്നിരുന്ന വല്ലനയിലും പരിസരത്തുമുള്ള ജനങ്ങൾക്ക് ഏറ്റവും മെച്ചപ്പെട്ടതും സൗജന്യവുമായ വിദ്യാഭ്യാസം നൽകുക എന്ന മഹത് ലക്ഷ്യത്തോടെ ശ്രീ. ടി. കെ. എം. റാവുത്തർ അവർകൾ 1954-ൽ അപ്പർ പ്രൈമറിയായി നമ്മുടെ സ്കൂളിന് തുടക്കമിട്ടു.

അദ്ദേഹത്തിന്റെ പ്രയത്നത്തിന്റെയും ത്യാഗത്തിന്റെയും ഫലമായി, ജനങ്ങൾ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിൽ കഴിഞ്ഞിരുന്ന ഒരു കാലഘട്ടത്തിൽ അദ്ദേഹത്തോടൊപ്പം നിന്ന പുരോഗമനോൽകൃഷ്ടരായ കരപ്രമാണിമാർ നാടിന്റെ പുനരുദ്ധാരണത്തിനായി മുന്നിട്ടിറങ്ങിയതിന്റെ ഓർമ്മക്കുറിപ്പാണ് ഈ സ്കൂൾ.

കാട്ടുപ്രദേശമായിക്കിടന്നിരുന്ന ഈ സ്ഥലത്ത് ഈ വിദ്യാലയം വന്നത്, തദ്ദേശവാസികൾക്ക്, പ്രത്യേകിച്ച് പെൺകുട്ടികൾക്ക് ഏറ്റവും അനുഗ്രഹമായെന്ന് ഇപ്പോഴും പഴമക്കാർ പറയുന്നു. യാത്രാ സൗകര്യത്തിന്റെ അഭാവം മൂലം പഠനം വഴിമുട്ടിനിന്ന ഒരു സമൂഹത്തിന് മുൻപിൽ തുറന്നുകിട്ടിയ അനുഗ്രഹം തന്നെയായിരുന്നു ഈ സ്കൂൾ. നാനാജാതി മതസ്ഥരും, സമൂഹത്തിന്റെ വിവിധ ശ്രേണികളിലുമുള്ള വിദ്യാർഥികൾ ഈ വിദ്യാലയത്തിലൂടെ അറിവിന്റെ ലോകത്തിലേക്ക് കടന്നുവന്നു. മതസൗഹാർദ്ദം എത്ര അന്തസ്സോടെ നിലനിൽക്കുന്നു നമ്മുടെ നാട്ടിൽ എന്നതിന്റെ സാക്ഷ്യപത്രമാണ് ഈ സ്കൂൾ.

പത്തനംതിട്ട, ആലപ്പുഴ ജില്ലകളുടെ അതിർത്തിയിലാണ് വല്ലന എന്ന ശാന്തസുന്ദരമായ ഗ്രാമം. ചെങ്ങന്നൂര്-കിടങ്ങന്നൂർ റോഡും, പിഐപി കനാലും സ്കൂളിന് അതിരുകൾ ഇടുന്നു. ലോകപ്രശസ്തമായ ആറന്മുള കണ്ണാടിയുടെയും, ഉതൃട്ടാതി വള്ളംകളിയുടെയും ഈറ്റില്ലമായ ആറന്മുളയിലേക്ക് ഈ സ്കൂളിൽനിന്ന് കേവലം 5 കിലോമിറ്റർ മാത്രമേയുള്ളു. കേരളത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ കോളനിയായ എഴിക്കാട് ഹരിജൻ കോളനി സ്കൂളിൽ നിന്ന് 3 കിലോമീറ്റർ അകലെ നിലകൊള്ളുന്നു.

ദേവിക സി എസ്
ക്ലാസ്സ് IX



# അമ്മ

ആരോരുമില്ലാത്ത  പെൺകിടാവേ നീ-
അമ്മയെ തേടുന്ന ഇന്നു നീയും
അറിവിനായി അക്ഷരം ചൊല്ലിത്തരുന്ന-
നേരിന്റെ വഴികാട്ടിയാകാനും
ആരുണ്ട് ഇവൾക്കിനി ആരുണ്ട്-
ഒരു തുള്ളികണ്ണുനീർ ഇറ്റിറ്റ് വീഴുന്ന
സങ്കടം കൊണ്ട് കൈത്താങ്ങായി-
ഒരു വാക്ക് ചൊല്ലി പറഞ്ഞുതരാൻ
ആരുണ്ട് ഇവൾക്കിനി ആരുണ്ട്
സ്നേഹം എന്തെന്നറിയാതെ ഒരു-
പറ്റം കുട്ടികൾ കേഴുന്ന
പച്ചപുതപ്പിൻ മടിത്തട്ടിലായി-
അമ്മയെ തേടുന്ന നീയും
ആരോരുമില്ലാത്ത പെൺകിടാവെ നീ-
അമ്മയെ തേടുന്ന ഇന്നുനീയും

ആദിത്യ
ക്ലാസ് IX

# ആത്മാവ്

അമേരിക്ക എന്ന രാജ്യത്തിലെ ഹ്യൂസ്റ്റൺ എന്ന സ്ഥലത്തിൽ ആരും പ്രവേശിക്കാത്ത ഒരു തോട്ടമുണ്ടായിരുന്നു. കാടുപോലെ പന്തലിച്ചുനിൽക്കുന്ന മരങ്ങൾ. ഇതിന്റെയെല്ലാം നടുവിലായി ഒരു ബംഗ്ലാവ്. അങ്ങനെയിരിക്കെ ഒരു ദിവസം മൗറീസ് ഗ്രോസ് എന്ന ഒരു മനുഷ്യൻ അവിടെ സന്ദർശിക്കാൻ എത്തി. മൗറീസ് ഒന്നു ശ്രദ്ധിച്ചു നോക്കി.അതാ ഒരു ബംഗ്ലാവ്. ഇന്നിവിടെ തങ്ങാം എന്ന് അയാൾ വിചാരിച്ചു.അയാൾ ബംഗ്ലാവിന്റെ ഉള്ളിലേക്ക് കടന്നു. ഒരു വലിയ ഹാൾ. മുകളിലേക്ക് പടികൾ. അയാൾ മുകളിൽ ഒരു മുറിയിൽ കിടന്നു.പാതിരാത്രി കഴിഞ്ഞു. എങ്ങും നിശബ്ദത. പെട്ടെന്നാണ് ഒരു അലർച്ച കേട്ടത്.മുകളിലെ അരമനയിൽ നിന്നാണ് അലർച്ച. അയാൾ അരമനയിലേക്ക് നടന്നു. അരമന പതിയെ തുറന്നു. പെട്ടെന്ന് വവ്വാലുകൾ പറക്കാൻ തുടങ്ങി. ചെന്നായ്ക്കളുടെ ഓരിയിടലും തുടങ്ങി. അയാൾ ഞെട്ടി വിറച്ച് അരമനയിലേക്ക് കയറി. താഴേക്ക് ഒരു തുരങ്കം പോലെ. അയാൾ തുരങ്കം തുറന്നപ്പോൾ താഴേക്ക് പടികൾ. അയാൾ പടികൾ ഇറങ്ങാൻ തുടങ്ങി. താഴെ എത്തിയപ്പോൾ അയാൾ ഉറക്കെ അലറി.

ഒരു പെൺകുട്ടി കയറിൽ കെട്ടി തൂങ്ങിക്കിടക്കുന്നു. പെട്ടെന്ന് ആ പെൺകുട്ടി ചാടി അയാളുടെ നേർക്ക് വന്നു. പാലിന്റെ നിറമുള്ള മുഖം. ചെന്നായ്ക്കളുടെ കണ്ണുകൾ പോലെ ചുവന്ന കണ്ണുകൾ.രണ്ട് പല്ലുകൾ വെളിയിലേക്ക് കൂർത്തിരിക്കുന്നു.അയാളുടെ നേർക്ക് വന്നു. അയാൾ അലറിക്കൊണ്ട് ചാടിയെഴുന്നേറ്റു. അപ്പോഴാണ് അറിയുന്നത് താൻ കണ്ടതൊരു സ്വപ്നമാണെന്ന്. മൗറീസ് നോക്കിയപ്പോൾ നേരം വെളുത്തു. അയാൾ ഒട്ടും താമസിയാതെ ആ ബംഗ്ലാവിൽ നിന്ന് പുറപ്പെട്ടു. ആ ബംഗ്ലാവിൽ ശരിക്കും ഒരു പെൺകുട്ടിയുടെ ആത്മാവ് ഉണ്ട്. എന്നാൽ ഇന്നുവരെ ആരും ബംഗ്ലാവിൽ ചെന്നിട്ടില്ല. എന്നാൽ ഇന്നും അവിടെ ആ ബംഗ്ലാവിൽ  പെൺകുട്ടിയുടെ ആത്മാവ് ജീവിക്കുന്നു. ആരെയോ തേടിക്കൊണ്ട്..........

പ്രിയങ്ക
ക്ലാസ്സ് IX

# ആറന്മുള

കേരളത്തിലെ പത്തനംതിട്ട ജില്ലയിൽ സ്ഥിതിചെയ്യുന്ന പൈതൃകം തുളുമ്പി നിൽക്കുന്ന ഗ്രാമമാണ് ആറന്മുള.

ഭാരതത്തിലെ 108 വൈഷ്ണവ ക്ഷേത്രങ്ങളിൽ പ്രസിദ്ധമാണ് ആറന്മുളയിലെ പാർത്ഥസാരഥി ക്ഷേത്രം. പമ്പാനദിയുടെ മനോഹാരിതയിൽ പമ്പാനദിയുടെ തീരത്ത് ആറന്മുള ശ്രീ പാർത്ഥസാരഥി ക്ഷേത്രം. തിരുവാറന്മുളയപ്പന്റെ പ്രതിഷ്ഠാസങ്കൽപം ചതുർബാഹുവായ മഹാവിഷ്ണുവാണ്.

ആറന്മുളയ്ക്ക് ആറന്മുള എന്ന പേരു കിട്ടാൻ കാരണം മഹാഭാരത യുദ്ധസമയത്ത് ശ്രീകൃഷ്ണൻ ആറന്മുളയിൽ വരുകയും ഇപ്പോൾ ആറന്മുള ക്ഷേത്രം നിലകൊള്ളുന്ന സ്ഥലത്തേക്ക് പോകാൻ വേണ്ടി പമ്പാ നദിയിൽക്കൂടി ആറ് മുള കൊണ്ട് ഒരു ചങ്ങാടം കെട്ടി വന്നു എന്നാണ് ഐതീഹ്യം. അങ്ങനെ ആറ് മുളയിൽ നിന്നാണ് ആറന്മുള എന്ന പേര് പിറന്നതെന്ന് വിശ്വസിക്കുന്നു.

അൽ അമീൻ

ക്ലാസ്സ് IX



## ഒരുമയുടെ ജനത

അപ്പു തലേദിവസം സ്കൂളിലെ സ്വാതന്ത്ര്യദിനപരിപാടികൾ സ്വപ്നം കണ്ട് ഉറങ്ങുകയായിരുന്നു. അങ്ങനെ അപ്പു പ്രഭാതത്തിൽ നേരത്തെ ഉണരുകയും ചെയ്തു. അപ്പോൾ കുറെയാളുകൾ അലർച്ചകളും വിളികളുമായി ഓടുന്നത് അപ്പു കണ്ടു.ആ സമയത്താണ് അപ്പുവിന്റെ അയൽക്കാരനായ ശങ്കൂണ്ണിച്ചേട്ടൻ ഓടിവരുന്നത് അപ്പുകണ്ടത്. അപ്പുചോദിച്ചു

എന്താ കൊച്ചേട്ടാ എല്ലാവരും ഓടുന്നത്?

നീ അറിഞ്ഞില്ലയോ അപ്പുറത്തെ കരയിൽ ശങ്കരൻകുട്ടി ചേട്ടന്റെ പറമ്പിലും,വയലിലും എല്ലാം വെള്ളം കയറുന്നു.

അപ്പോൾ അപ്പുവിന്റെ ഹൃദയം ഒന്ന് നടുങ്ങി തനിക്ക് ഇന്ന് സ്കൂളിൽ സ്വാതന്ത്ര്യദിനം ആഘോഷിക്കാൻ പോകാൻ കഴിയില്ല. അപ്പുവിഷമിച്ചു. മാനം കറുത്ത് കാർമേഘങ്ങൾ മൂടിക്കെട്ടി മഴ കനത്ത് പെയ്യുന്നുണ്ടായിരുന്നു. അങ്ങുമിങ്ങുമൊക്കെ ആളുകളുടെ അലയും, മറ്റു മൃഗങ്ങളുടെ ശബ്ദകോലാഹലങ്ങളും കേൾക്കാൻ കഴിഞ്ഞു. പക്ഷെ അപ്പുവിന്റെ വീട്ടിൽ ആരും തന്റെ വീട് വെള്ളപ്പൊക്കത്തിൽ ഇടിഞ്ഞു പോയി എന്ന് അറിഞ്ഞില്ല. അപ്പോൾ തന്നെ അപ്പു വീട്ടിലേക്ക് ഓടി. പക്ഷെ വഴികൾ വെള്ളത്താൽ വലയം ചെയ്തിരുന്നു. അപ്പു അവിടെ നിന്ന് അലറിക്കരഞ്ഞു. ആ സമയത്താണ് മുക്കുവൻ ഖാദർ ആ ശബ്ദം കേട്ടുകൊണ്ട് വള്ളത്തിൽ വന്നത്.

എന്തുവാ അപ്പുക്കുട്ടാ കരയുന്നത്?

അപ്പു വിറങ്ങലിച്ച ശബ്ദത്താൽ പറഞ്ഞു.

ഖാദറിക്കാ എന്റെ വീട് മുങ്ങി.

എന്റെ പടച്ചവനെ അപ്പുവിന്റെ വീട് മുങ്ങിയോ?

കൊഴപ്പമില്ല മോനേ.

എല്ലാം പടച്ചോൻശരിയാക്കും എന്നു പറഞ്ഞു കൊണ്ട് രണ്ടുപേരും അവന്റെ വീട്ടിലേക്ക് പോയി. അപ്പോഴേക്കും അപ്പുവിന്റെ വീടിന്റെ മേൽക്കുര ഭൂമിയിൽ പതിച്ചിരുന്നു. അപ്പുതോരാത്ത കണ്ണുകളാൽ ആകാശം നോക്കിയിരുന്നു. അപ്പോഴും മഴ തകർത്ത് പെയ്യുന്നുണ്ടായിരുന്നു. അങ്ങനെ ആ വർഷത്തെ വർഷം കേരളത്തെ ഒഴുക്കി കളഞ്ഞിരുന്നു.

ജിഷ്ണു വി എച്ച്
ക്ലാസ് IX

# ക്ഷണിക്കാതെ വന്ന അതിഥി

എന്തിനാണ് നീ വന്നത് ചൊല്ലുവിൻ
എന്തിനാണ് നീ വന്നത് ചൊല്ലുവിൻ
നിന്നെ യാരിവിടെ വിളിച്ചത് ചൊല്ലുവിൻ
നിന്നെ യാരിവിടെ വിളിച്ചത് ചൊല്ലുവിൻ........

ഓണമെത്തും നേരത്ത് മുമ്പേ
ഓണ പൂക്കൾ  വിടരും മുമ്പേ
ഓണ ത്തുമ്പികൾ പാറും മുമ്പേ
എന്തിനാണ് നീ വന്നത് മുമ്പേ........

ഓണത്തപ്പൻ വന്നില്ല
ഓണപ്പാട്ടും പാടീല്ല
ഓണക്കളികൾ കളിച്ചില്ല
ഓണ സദ്യയുമുണ്ടില്ല

വടക്കും കിഴക്കും നിൽക്കവേ
നടുവിലുള്ള ഈ താഴ്വരെ
എന്തിനാണ് നീ മർദ്ദിച്ചത്
എന്തിനാണ് നീ മർദ്ദിച്ചത്

കനത്ത മഴയും കൊടുംങ്കാറ്റും
ഡാമുകൾ തുറന്ന് വെള്ളപ്പൊക്കം വന്നല്ലോ
വീടുകളെല്ലാം പോയല്ലോ
നാടുകളെല്ലാം നശിച്ചല്ലോ

വിത്തുകൾ വിതറിയ പാടത്ത്
മരണം പൊങ്ങി വന്നല്ലോ
ടാറുകളിട്ട റോഡുകളിൽ
മാലിന്യങ്ങൾ അടിഞ്ഞല്ലോ

ജാതിയുമില്ല  മതവുമില്ല
കറുത്തവനില്ല വെളുത്തവനില്ല
ചെറിയവനില്ല വലിയവനില്ല
ഐക്യമത്യമുണ്ടായിവിടെല്ലാം

നദിയൊഴുകും വഴികളെല്ലാം തടഞ്ഞും
പുഴയൊഴുകും വഴികളെല്ലാം തടഞ്ഞും
സഞ്ചാരയോഗ്യമാം വഴികളെല്ലാം അടഞ്ഞും
മഴയുടെ അവതാരമായി എത്തിയ പ്രളയമേ

മാവേലി മന്നനെ വാമനൻ ചവിട്ടിതാഴ്ത്തി
മാവേലിനാടിനെ പ്രളയം ചവിട്ടിതാഴ്ത്തി
കുറച്ചുനാളെ നീ യുണ്ടായിരുന്നുള്ളു
എങ്കിലും പ്രളയമേ നിന്നെ ഞാൻ ഓർമ്മിക്കും
അവസാനശ്വാസംവരേയ്ക്കും.........

അനുപമ കെ എസ്സ്
ക്ലാസ്സ് IX

# വിവര സാങ്കേതിക വിദ്യ

വിവരസാങ്കേതികവിദ്യാ ലോകം വളരെ വിശാലമാണ്. അതിൽ ധാരാളം മേഖലകൾ ഉൾപ്പെടുന്നു. പ്രക്രിയകൾ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ, കമ്പ്യൂട്ടർ ഹാർഡ്‌വെയർ, പ്രോഗ്രാമിങ്ങ് ഭാഷകൾ, ഡാറ്റ കൺസ്ട്രക്ടുകൾ മുതലായവ ഇതിൽപ്പെടും. എന്നാൽ ആ ലോകം ഇതിൽ മാത്രം പരിമിതമല്ല. ചുരുക്കത്തിൽ ഡാറ്റയെ സംബന്ധിക്കുന്നതെല്ലാം, വിവരങ്ങളോ (Information) അറിവോ (Knowledge), ദൃഷ്ടിഗോചരമായതോ (Visual), ശബ്ദ-ചിത്ര-ചലച്ചിത്ര മിശ്രിതമായതോ (Multimedia) എല്ലാം തന്നെ വിവരസാങ്കേതികവിദ്യയെന്ന പ്രവൃത്തിമണ്ഡലത്തിൽ (Domain) ഉൾപ്പെടുന്നു. ശാഖകൾ വളരെ വിശാലമായ ഈ ശാസ്ത്രത്തിന്റെ ചില പ്രധാനപ്പെട്ട ശാഖകൾ ചുവടെ ചേർത്തിരിക്കുന്നു

- കമ്പ്യൂട്ടർ ശാസ്ത്രം
- വേൾഡ് വൈഡ് വെബ്
- ഇന്റർനെറ്റ്
- ഡിജിറ്റൽ ലൈബ്രറി
- കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങ്
- ഡേറ്റാ പ്രോസസ്സിങ്ങ്
- ഡേറ്റാബേസ് സാങ്കേതിക വിദ്യ
- ക്രിപ്റ്റോഗ്രാഫി

ഈ പട്ടിക അവസാനിക്കുന്നില്ല. ദിനം പ്രതി വളരുന്ന ഈ ശാസ്ത്രശാഖയുടെ സാദ്ധ്യതകൾ അനന്തമാണ്.

# പ്രളയം......പ്രണയം

പല വഴി ഇതു വഴി
ഒഴുകിയ ജലകണം
ഒരുമിച്ചൊരു പുഴയായി

നാടിന്റെ ജീവൻ പുഴയിലായി
ജലകണവേഗം മൂടോടറുത്തു
മനവും ജീവനമെടുത്തു
മിണ്ടാത്തവർ ഒരുമിച്ചിരുന്നു

നീയാണ് പ്രളയം
നീയാണ് പ്രണയം

സെഫിൻ പ്രകാശ്
ക്ലാസ്സ് IX



# ആറന്മുളകണ്ണാടി

കേരളത്തിലെ പത്തനംതിട്ട ജില്ലയിലെ ആറന്മുള എന്ന പ്രശസ്തമായ ഗ്രാമത്തിൽ പരമ്പരാഗതമായി നിർമ്മിച്ച് വരുന്നകണ്ണാടിയാണ് ആറന്മുള കണ്ണാടി. രസം ഉപയോഗിച്ചുണ്ടാക്കുന്ന ദർപ്പണങ്ങളിൽ നിന്ന് വ്യത്യസ്തമായ സ്ഫടികത്തിനു പകരം പ്രത്യേക ലോഹക്കൂട്ടിൽ ആണ് ആറന്മുള കണ്ണാടി നിർമ്മിക്കുന്നത്. കേരളത്തിന്റെ പൈതൃകബിംബങ്ങളിൽ ഒന്നായി ഇതിനെ കാണുന്നുണ്ട്. മറ്റൊരു പ്രത്യേകത, ഇതിന്റെ സ്ഫടിക പ്രതലമാണ് പ്രതിഫലിക്കുന്നത് എന്നതാണ്. പുരാതനമായ ആറന്മുളക്ഷേത്രവും ചരിത്രപ്രസിദ്ധമായ ആറന്മുള വള്ളം കളിയും ആറന്മുളയുടെ കലാസാംസ്കാരിക രംഗത്തുള്ള പ്രാധാന്യം നിലനിർത്തുമ്പോൾ ഏതാണ്ട് നാല് ശതാബ്ദത്തോളം പഴക്കമുള്ള കരകൗശലവൈദഗ്ധ്യത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ആറന്മുള കണ്ണാടി. ആറന്മുള കണ്ണാടിക്ക് ഹാരപ്പ മോഹൻജദാരോയിൽനിന്നും1922 ൽകുഴിച്ചെടുക്കപ്പെട്ടതുമായലോഹകണ്ണാടികളു മായി പരസ്പരബന്ധമുള്ളതായികാണുന്നു. 4000 വർഷങ്ങൾക്കുശേഷം ലോകത്തിൽ എവിടെയെങ്കിലും ഈ ലോഹക്കണ്ണാടിയുടെ നിർമ്മാണം നിലനിൽക്കുന്നുവെങ്കിൽ അത് ആറന്മുളയിൽ മാത്രമേയുള്ളൂ. ചെമ്പും വെളുത്തീയവും ഒരു പ്രത്യക അനുപാതത്തിൽ ചേർത്തുണ്ടാക്കിയ കൂട്ടു ലോഹമാണ് ആറന്മുള കണ്ണാടിയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. ഏതാനും വിശ്വകർമ്മതറവാടുകളുടെ പാവനസ്വത്തായിത് ഇന്നും സൂക്ഷിച്ച് പോരുന്നു.ഈ ലോഹകണ്ണാടിയുടെ ഉത്ഭവുമായി ബന്ധപ്പെട്ട പല കഥകളും നിലവിൽ ഉണ്ടെങ്കിലും ഒരു കഥ ഇങ്ങനെ പറയപ്പെടുന്നു. ഏകദേശം ശതാബ്ദങ്ങൾക്കുമുൻമ്പ് ആറന്മുള ക്ഷേത്രത്തിന്റെ നിർമ്മാണ പ്രക്രിയകൾക്കും ക്ഷേത്രത്തിലെ ദിവസവുമുള്ള മറ്റു കാര്യങ്ങൾക്കും വേണ്ടിയുള്ള പൂജാ വിളക്കുകൾ, പൂജാ പാത്രങ്ങൾ, ഓട്ട് കൊണ്ടുള്ള മറ്റ് പാത്രങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് വേണ്ടി തമിഴ് നാട്ടിലെ ശങ്കര കോവിൽ എന്ന സ്ഥലത്തുനിന്നും ഏതാനും വിശ്വകർമ്മ കുടുംബങ്ങളെ ആറന്മുളയിൽ വിളിച്ചുവരുത്തി താമസ സൗകര്യം അടക്കം എല്ലാ ആനുകൂല്യവും നൽകി.

കാലക്രമേണ ജോലിയിൽ അലസരായി തീർന്ന ഇവരിൽ രാജാവിനു നീരസം തോന്നുകയും അവർക്ക് നൽകിപ്പോന്നിരുന്ന ആനുകൂല്യങ്ങൾ പിൻവലിക്കുകയും ചെയ്തു. രാജാവിനെ പ്രീതിപ്പെടുത്താൻ വേണ്ടി, അവരിലൊരാൾ കിരീടം നിർമ്മിച്ച് അദ്ദേഹത്തിനു സമ്മാനിക്കുവാൻ തീരുമാനിച്ചു. കിരീടത്തിന്റെ അവസാന മിനുക്കു പണികൾ നടത്തി വരുമ്പോൾ അതിനുപ്രതിഫലനശേഷി കാണപ്പെട്ടു.പിന്നീടുള്ള നിരന്തരമായ പ്രവർത്തനത്താലും, തിരുവാറന്മുളയപ്പന്റെ അനുഗ്രഹത്താലും, കാരുണ്യത്താലും കണ്ണാടി നിർമ്മാണത്തിനുള്ള അനുപാതം കണ്ടുപിടിച്ചു. രാജാവിന്റെ പ്രത്യകനിർദ്ദേശാനുസരണം അന്നത്തെ തിരുവിതാംകൂർ മഹാരാജാവിന് ഉപഹാരമായി കണ്ണാടി നിർമ്മിച്ചു നൽകി. ആ കാലങ്ങളിൽ കുങ്കുമ ചെപ്പിലായിരുന്നു കണ്ണാടി നിർമ്മിച്ചിരുന്നത്. പിന്നീട് വാൽക്കണ്ണാടിയുടെ രൂപത്തിലും, ഭിത്തിയിൽ തൂക്കിയിടാവുന്ന രീതിയിലുംഅതിനു ശേഷം സ്റ്റാന്റിലുള്ള ഫ്രയിമുകളിലും, പീഠത്തിലുള്ള ഫ്രയിമുകളിലും കണ്ണാടി നിർമ്മിക്കപ്പെട്ടു. എട്ടു പൂജാ സാധനങ്ങളിലൊന്നായി അഷ്ടമംഗല്യത്തിനായി വാൽക്കണ്ണാടി ഉപയോഗിച്ചുവരുന്നു. ഇന്ന് മിക്ക വീടുകളിലും ആറന്മുള കണ്ണാടി കാണാം.



മുഹമ്മദ് നജ്മം

ക്ലാസ് IX

# നന്ദി

കുട്ടികളിലെ സർഗവാസനകളെ പ്രോത്സാഹിപ്പിക്കുകയും സാങ്കേതിക രംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിനും ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുമുള്ള അവസരം ഒരുക്കിയ ബഹുമാനപ്പെട്ട വൈസ് ചെയർമാനും എക്സിക്യൂട്ടീവ്ഡയറക്ടറുമായ

കെ അൻവർസാദത്ത് സാറിനും, നിരന്തര പ്രോത്സാഹനം നൽകുന്ന തിരുവല്ല ഐ ടി @ സ്കൂൾ കോർഡിനേറ്റേഴ്സിനും, റ്റി കെ എം ആർ എം വി എച്ച് എസ് സ്കൂളിലെ മാനേജ്മെന്റിനും, പി ടി എ പ്രതിനിധികൾക്കും പ്രിൻസിപ്പാൾ അജും ടീച്ചറിനും കൈറ്റ് മിസ്ട്രസ്സുമാരായ ജെസി ടീച്ചർക്കും വിജയഗീത ടീച്ചർക്കും സ്കൂളിലെ മറ്റെല്ലാ അധ്യാപക-അനധ്യാപകർക്കും ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ ഒരായിരം

**നന്ദി.....................................**

